ക്കേണ്ട. അതു ഞങ്ങൾ ആലോചിച്ചുകൊള്ളാം' എന്നു് ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു.)

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. സഭാനേതാവിനു പറയാനുള്ളതു കേൾക്കുക.

ശ്രീമതി കെ. ആർ. ഗൗരി: അതുകൊണ്ടു് ഈ ബഹളത്തിനു് ഏതെങ്കിലും വിധത്തിൽ ഒരു നിയന്ത്രണം ഉണ്ടാക്കണം. അല്ലെങ്കിൽ സഭാനടപടികൾ മുന്നോട്ടു പോകാൻ പ്രയാസമാണു്.

(ശ്രീ. കെ. ടി. ജോർജ്ജു്, ശ്രീ. ജോൺ ജേക്കബ്ബു്, ശ്രീ. കെ. എം. മാണി എന്നിവർ എഴുന്നേറ്റുനിന്നു് 'ആരുടെ കുഴപ്പം, ഇതാരാണു് ആദ്യം തുടങ്ങിവച്ചതു്' എന്നു് ഉറക്കെ ചോദിക്കുകയുണ്ടായി.)

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: കഴിഞ്ഞ 22—ാം തീയതി ഇവിടെ എന്താണു നടന്നതു്? ആരാണു് അതിനു കാരണക്കാർ?

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. ഞാൻ ഇതിനെ സംബന്ധിച്ചിടത്തോളം പരിശോധിച്ചിട്ടു് വേണ്ടതു ചെയ്യുന്നതാണു്. അടുത്തതായി ഞാൻ അബുവിനെ റിപ്പോർട്ടു പ്രസന്റു ചെയ്യാൻ ക്ഷണിക്കുകയാണു്.

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച.....

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഇതിനെ സംബന്ധിച്ചിടത്തോളം തീരുമാനമാകാതെ മറ്റു ഐറ്റത്തിലേക്കു് കടക്കാൻ സാദ്ധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങു് ഇതനുവദിക്കരുതു്. ശ്രീ. അബുവിനെ റിപ്പോർട്ടു പ്രസന്റു ചെയ്യാൻ അങ്ങു വിളിച്ചതാണു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഞാനും എന്തെങ്കിലും വിളിച്ചുപറഞ്ഞിട്ടു് അങ്ങു പിൻവലിച്ചേക്കാം.

ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ. മി. അബു.

IV. PRESENTATION OF REPORT

REPORT OF THE COMMITTEE ON PRIVATE MEMBERS BILLS & RESOLUTIONS

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1969-ലെ 12—ാമത്തെ റിപ്പോർട്ടു ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: സർ, ഇതിനൊരു പരിഹാരം കാണാതെ സഭാനടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതു് സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. മാണി: സർ, തൊഴിൽവകുപ്പുമന്ത്രി ഇവിടെ ചെയ്ത പ്രസ്താവന ഈ സഭയോടു ചെയ്ത അവഹേളനമാണു്. അപ്പോളജൈസു് ചെയ്യാൻ നിർവാഹമില്ലെന്നുള്ള നിലപാടാണു് മന്ത്രി സ്വീകരിച്ചിരിക്കുന്നതു്. ഈ സഭയിലെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ടു് അപ്പോളജൈസു് ചെയ്യാൻ പറഞ്ഞിട്ടു് അതിനു തയ്യാറാകാത്ത ഒരു മന്ത്രിയുടെ നട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

പടിയിൽ പ്രതിഷേധിക്കാതിരിക്കാൻ നിർവാഹമില്ല. അപ്പോളജി പറയിക്കാതെ യാതൊരു നടപടിയും നടത്താൻ സാദ്ധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കെ. എം. മാണി ഈ സഭ നിയന്ത്രിക്കട്ടെ. അങ്ങ് അടുത്ത ഐറ്റത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞതിനു ശേഷവും അതിനു സമ്മതിക്കാതെയാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. ഇതിനൊരു അവസാനമിടണം.

(വളരെയധികം അംഗങ്ങൾ എഴുന്നേറ്റുനിന്ന് പ്രതിഷേധശബ്ദങ്ങൾ പുറപ്പെടുവിച്ചു)

ഡെ. സ്പീക്കർ: എനിക്ക് ഒരു ബഹുമാനപ്പെട്ട മന്ത്രിയെ നിർബ്ബന്ധിച്ചു കഷ്ടമായാചനം ചെയ്യിക്കാൻ സാധിക്കുകയില്ല. അതു കൊണ്ട് നിയമപരമായ നടപടികളും നടത്താൻ പാർട്ടിനേതാക്കന്മാരുമായി ആലോചിച്ച് വേണ്ടതു ചെയ്യാമെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞല്ലോ?

ശ്രീ. കെ. എം. ജോർജ്ജ്: ഇവിടെ ബഹുമാനപ്പെട്ട പല മെമ്പറന്മാരും പറഞ്ഞതിൽ കൂടുതലായിട്ടൊന്നും എനിക്കു പറയാനില്ലെങ്കിലും ഇപ്പോഴും ലേബർ വകുപ്പു മന്ത്രി ചെയ്തിട്ടുള്ള പ്രസ്താവന എന്നെ കൂടുതൽ വേദനിപ്പിച്ചിട്ടുണ്ട്. ഈ സഭയുടെ മനസ്സാക്ഷിയേയും വേദനിപ്പിച്ചിട്ടുണ്ടെന്ന് എനിക്കു ബോദ്ധ്യമുണ്ട്. ഞാൻ കണ്ടീഷണലായി പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്നാണ് ശ്രീ. മത്തായി പറഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ വ്യക്തിപരമായി എന്റെ അഭിമാനത്തെയോ അന്തസ്സിനെയോ ബാധിക്കുന്ന പ്രശ്നമെന്നുള്ള നിലയിൽ ഞാൻ കാണുന്നില്ല. ഈ ബഹുമാനപ്പെട്ട സഭയിലെ എളിയ ഒരു അംഗമെന്നുള്ളതിൽ കവിഞ്ഞ് യാതൊരു പ്രാധാന്യവും ഇല്ല. ആ നിലയ്ക്ക് അതു തെറ്റാണെന്നു സഭയ്ക്കു തോന്നിയിട്ടുണ്ടെങ്കിൽ പ്രത്യേകിച്ചും ബഹുമാനപ്പെട്ട വർക്സ് മിനിസ്റ്റർ ശ്രീ. ടി. കെ. ദിവാകരൻ ഇന്നലെ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതുപോലെ ഇക്കാര്യം ഗൗരവമാണെന്നു സഭയ്ക്കു തോന്നുന്നുണ്ടെങ്കിൽ സഭയ്ക്ക് ഉചിതമെന്നു തോന്നുന്ന നടപടി എടുത്താൽ മതിയാകും. എന്നെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ മനോവേദനയുടെയൊ അപമാനത്തിന്റെയോ പ്രശ്നമില്ല. ശ്രീ. മാഞ്ഞൂരാൻ വധിച്ചുകളയുമെന്നെല്ലാം പറഞ്ഞിട്ടുള്ളതിൽ ഭയവുമില്ല. ജനിച്ചവരെല്ലാം മരിക്കും. അക്കൂട്ടത്തിൽ ഞാനും മരിക്കണം. പക്ഷെ നീർക്കോലി കടിച്ച് മരിക്കരുതെന്നേയുള്ളൂ. ഈ സഭയുടെ അന്തസ്സ് ഇനിയും അൽപ്പമെല്ലാം അവശേഷിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നവനാണ് ഞാൻ. അതുകൊണ്ട് അവശേഷിച്ചിട്ടുള്ള അന്തസ്സെങ്കിലും നിലനിർത്തത്തക്ക വിധത്തിൽ ഈ പ്രശ്നം കൈകാര്യം ചെയ്യണമെന്നേയുള്ളൂ. ഈ സഭയുടെ അന്തസ്സ് ഇനിയും താഴോട്ടു പോകാൻ തീർച്ചയായും അങ്ങ് അനുവദിക്കരുതെന്നു മാത്രമേ എനിക്ക് അപേക്ഷിക്കുവാനുള്ളൂ. തീർച്ചയായും പുണ്ണിൽ കൊള്ളിവയ്ക്കുന്ന തരത്തിലുള്ള നടപടികളിലേയ്ക്കു പോകരുതെന്നു മാത്രമേ ഞാൻ അഭ്യർത്ഥിക്കുന്നുള്ളൂ. ആ നിലയിലായിരിക്കണം ഈ പ്രശ്നം പരിഹരിക്കേണ്ടതെന്നാണ് എനിക്കു പറയുവാനുള്ളത്.

ഡെ. സ്പീക്കർ: ശ്രീ. അബു റിപ്പോർട്ടു പ്രസന്റു ചെയ്യണം.

ശ്രീ. കെ. കെ. അബു: ഞാൻ പ്രസന്റു ചെയ്തുകഴിഞ്ഞു.

Deputy Speaker: We will pass on to Legislative Business.

ശ്രീ. കെ. കരുണാകരൻ: ഇക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമുണ്ടാകാതെ അടുത്ത ഇനത്തിലേക്ക് കടക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെ. സ്പീക്കർ: അതു ഞാൻ പറഞ്ഞല്ലോ.

ശ്രീ. കെ. കരുണാകരൻ: പാർട്ടിനേതാക്കന്മാരോട് ആലോചിച്ചതിനു ശേഷം ഇതിനൊരു പരിഹാരം കാണാൻ സാദ്ധ്യമല്ല സർ.

ഡെ. സ്പീക്കർ: പിന്നെ ഏതു തരത്തിൽ തീരുമാനം ഉണ്ടാക്കാമെന്നു പറയണം.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങ് നിയമനിർമ്മാണനടപടികളിലേക്ക് കടന്നതിനുശേഷം പിന്നേയും പിറകോട്ടു പോകുന്നത് നിയമസഭാനടപടികളെ തടസ്സപ്പെടുത്തുന്നതിനുവേണ്ടിയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ പ്രശ്നത്തെ സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകിക്കഴിഞ്ഞശേഷം പിന്നേയും അനന്തമായി ഈ പ്രശ്നംതന്നെ നീട്ടാൻ അനുവദിക്കുന്നതു ശരിയാണോ?

ഡെ. സ്പീക്കർ: ശരിയല്ല.

ശ്രീ. കെ. കരുണാകരൻ: സഭാനടപടികളും പത്തുപതിനഞ്ചു മിനിറ്റു മാറ്റിവെച്ചശേഷം പാർട്ടിനേതാക്കന്മാരുമായി ആലോചിക്കുകയും അതിനു ശേഷം സഭ കൂടുകയും ചെയ്താൽ മതിയെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. എം. മാണി: അതുതന്നെയാണ് ഞാനും പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: സഭാനടപടികളും തുടർന്നുകൊണ്ടുപോകുന്നതിനുള്ള ഏർപ്പാടുകളും അങ്ങ് ചെയ്യണം. അല്ലാതെ ചിലയാളുകളും തീരുമാനമുണ്ടായശേഷമേ സഭാനടപടികളും കൊണ്ടുപോകാൻ പാറുകയുള്ളു എന്നു പറയുന്നതിനോടു യോജിക്കുന്നത് ശരിയല്ല.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷത്തുള്ള മെമ്പറന്മാർ ഇതിനെസംബന്ധിച്ചിടത്തോളം ഒരു തീരുമാനം ഉണ്ടായശേഷമേ സഭാനടപടികളും തുടർന്നുകൊണ്ടുപോകാൻ അനുവദിക്കാവൂ എന്നുള്ള ഒരു നിലപാടു സ്വീകരിച്ചിട്ടുണ്ട്. പാർട്ടി നേതാക്കൻമാരുമായി ആലോചിച്ചതിനുശേഷമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളു എന്ന നിലപാട് അങ്ങ് സ്വീകരിക്കുന്നു. അങ്ങനെയാണെങ്കിൽ സഭാനടപടികളും അൽപ്പനേരം നിർത്തിവെച്ചിട്ട് പാർട്ടിനേതാക്കൻമാരോട് ആലോചിക്കണം.

മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, ഈ സഭയെ ആകെ വൃണപ്പെടുത്തിയിട്ടുള്ള ഒരു സംഭവത്തെപ്പറ്റിയുള്ള ചർച്ചയാണ്. അതിന് അൽപ്പമെങ്കിലും ഒരു ശാന്തത ഉണ്ടാകാതെ ഈ സഭാനടപടികളും മുന്നോട്ടുകൊണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് വൃണിതഹൃദയത്തിന് ശാന്തത നൽകേണ്ടതാവശ്യമാണ്. അതു സഭയുടെ അന്തസ്സു പാലിക്കാനും ആവശ്യമാണ്. അതുകൊണ്ട് പതിനഞ്ചു മിനിറ്റുനേരം സഭാനടപടികളും നിർത്തിവെച്ചിട്ട് ബഹുമാനപ്പെട്ട ഡെ. സ്പീക്കർ ഇക്കാര്യത്തെപ്പറ്റി പാർട്ടിനേതാക്കൻമാരുമായി ആലോചിക്കുകയും ആ ആലോചനയുടെ വിവരം ഈ സഭയിൽ പറയുകയും ആ ആലോചനയിൽ ഇങ്ങനെയുള്ള സംഭവങ്ങളും ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യണമെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളു.

വ്യവസായമന്ത്രി (ശ്രീ. റ്റി. വി. തോമസ്): ഈ സംഭവം ഈ സഭയിലെ അംഗങ്ങളുടെ വികാരങ്ങളെ വളരെയധികം വൃണപ്പെടുത്തിയിട്ടുണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. റ്റി. വി. തോമസ്]

ന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇങ്ങനെയൊരു സംഭവം പാർലി മെൻററി ജനാധിപത്യത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവി പോലുമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. അതുകൊണ്ട് ഇതിനൊരു തീരുമാനമുണ്ടാകാതെ ഈ സഭ തുടർന്നുപോകുന്നത് ശരിയല്ല. തൽക്കാലം പതിനഞ്ചു മിനിററു നിർത്തിവെച്ചിട്ട് സഭാനേതാവും പാർട്ടിനേതാക്കൻമാരും അങ്ങും കൂടി ആലോചിച്ച് തീരുമാനമെടുക്കാതെ മുന്നോട്ടുപോകരുതെന്നാണ് എന്റെ അഭിപ്രായം.

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്): സർ, ഇന്നലെ പാർട്ടിനേതാക്കന്മാർ ഈ പ്രശ്നം ചർച്ച ചെയ്ത അവസരത്തിൽ കാര്യങ്ങളെല്ലാം മനസ്സിലാക്കിയിട്ട് തൊഴിൽകാര്യമന്ത്രി പ്രസ്താവന ചെയ്യുമെന്നായിരുന്നു ഞാൻ ധരിച്ചത്. എന്നാൽ തൊഴിൽമന്ത്രി കാര്യങ്ങൾ മനസ്സിലാക്കിയതായി കാണുന്നില്ല. സഭാസാമാജികൻമാരുടെ ഹൃദയം കൂടുതൽ വ്രണപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു നിലപാടാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് സഭ കുറച്ചുനേരം നിർത്തിവെച്ചിട്ട് ഈ പ്രശ്നം ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കെ. അബു: സർ, ഇന്നലെ കാലത്ത് അങ്ങ് ഇവിടെ പറഞ്ഞത് യോഗനടപടികൾ കുറെക്കൂടി മര്യാദയായി കൊണ്ടുപോകുന്ന കാര്യത്തെപ്പററി ആലോചിക്കാൻ എല്ലാ പാർട്ടിനേതാക്കൻമാരും വരണമെന്നാണ്. അതനുസരിച്ച് എന്റെ പാർട്ടിയിൽനിന്നും ശ്രീ. അപ്പുവാണ് വന്നത്. ''പടയെപ്പേടിച്ചു പന്തളത്തു പോയപ്പോൾ പന്തംകൊളുത്തിപ്പട'' എന്നതുപോലെയാണ് അവിടെ സംഭവിച്ചത്. നാലു മണിക്കു നടന്ന യോഗത്തിൽ ഉണ്ടായത് ഒരു തീരുമാനമല്ല, ഒരു ധാരണയാണ്. തീരുമാനമെന്നു പറയുന്നതു ശരിയായിരിക്കുകയില്ല. ഒരു ധാരണയിൽ എല്ലാവരും എത്തിച്ചേർന്നു. എന്നാൽ ബഹുമാനപ്പെട്ട ശ്രീ. ശേഷൻ പറഞ്ഞതുപോലെയുമല്ല. ''ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളതു പറഞ്ഞാൽ ബാക്കി കാര്യം അതോടുകൂടി തീരുന്നതല്ല'' എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ വാസ്തവം അതല്ല. എല്ലാം തീർന്നു എന്ന നിലയ്ക്കാണ് ധാരണയിൽ എത്തിയത്. ശ്രീ. മത്തായി മാഞ്ഞൂരാൻ പറഞ്ഞത് ''പ്രായമുള്ള ആളാണെന്നു പറഞ്ഞ് എന്നെ പരിഹസിക്കുന്നത് ശരിയല്ലെന്നും ഇതു കേട്ട് എന്തോ ധരിച്ചാണ് എഴുന്നേററുപോയതെന്നും'' ആണ്. പക്ഷെ, നിയമസഭയിൽ ഇതിനെ സംബന്ധിച്ച കാര്യങ്ങൾ വ്യക്തമായി പറഞ്ഞിട്ടുള്ള സ്ഥിതിക്ക് മന്ത്രി ഖേദം പ്രകടിപ്പിക്കണമെന്നായിരുന്നു ധാരണ.

(പല അവസരങ്ങളിലും ചില മെമ്പറൻമാർ പ്രസംഗം തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മാപ്പു ചോദിക്കണമെന്നോ ക്ഷമാപണം ചെയ്യണമെന്നോ ധാരണയുണ്ടായിട്ടില്ല. ഇനിയും ഇതിനെപ്പററി പാർട്ടിനേതാക്കന്മാരെ വിളിച്ചുവരുത്തി ആലോചിക്കുന്നതിൽ തെററില്ല. പക്ഷെ, അതിന് ഈ നിയമസഭ നിർത്തിവയ്ക്കണമെന്നു പറയുന്നതിനോട് ഞാനും എന്റെ പാർട്ടിയും യോജിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, അങ്ങ് ഇതിനെ സംബന്ധിച്ച് ഒരു റൂളിംഗ് നൽകിയിട്ടുണ്ട്. സഭയുടെ അന്തസ്സിനെപ്പററി പറയുന്ന ആൾക്കാർ ബഹുമാനപ്പെട്ട ഡെ. സ്പീക്കറുടെ റൂളിംഗിനുശേഷം വീണ്ടും അതിനെപ്പററി.....

LIBRARY ARCHIVES Kerala Legislative Assembly

Shri K. M. Mani: Sir, Shri Ramakrishnan is questioning the ruling of the Chair.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ സംസാരിക്കുന്നതിന് ഇടയ്ക്കു കയറി സംസാരിക്കുന്നതു ശരിയല്ല. ഈ കാര്യത്തെപ്പറ്റി വേണമെങ്കിൽ ഇനിയും സഭാനേതാക്കൻമാരുമായി സംസാരിക്കുന്നതിൽ ഒരു വിരോധവുമില്ല. അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. പക്ഷെ, സഭ നിറുത്തിവെച്ച് ആലോചിക്കണമെന്നു പറയുന്നതിനോട് യോജിക്കാൻ നിവൃത്തിയില്ല. ഇതിനുമുമ്പും ഇതുപോലുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് പാർട്ടിനേതാക്കൻമാരുമായി ബഹുമാനപ്പെട്ട സ്പീക്കർ സംസാരിക്കുമ്പോഴും സഭാനടപടികളും മറ്റു അദ്ധ്യക്ഷൻമാരുടെ അദ്ധ്യക്ഷതയിൽ തുടർന്നുകൊണ്ടുപോവുകയായിരുന്നു ചെയ്തത്. അതുകൊണ്ട് പാർട്ടിനേതാക്കൻമാരുമായി ആലോചിക്കുന്നതിന് സഭാനടപടികളും നിറുത്തിവയ്ക്കണമെന്നു പറയുന്നതു ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ വിചാരിച്ചത് ഇന്നലെക്കൊണ്ട് ഈ പ്രശ്നം തീരുമെന്നായിരുന്നു. അങ്ങനെ തീരാതെ ഈ പ്രശ്നത്തെ സംബന്ധിച്ച് വീണ്ടും ആലോചിക്കാൻവേണ്ടി സഭാനടപടികളും നിറുത്തിവയ്ക്കണമെന്നു പറയുന്നത് ശരിയല്ല. 15 മിനിട്ടു കഴിഞ്ഞ് തുടരാമെന്നു പറഞ്ഞാൽ 15 മിനിട്ടുകൊണ്ട് യോഗം തീരുമെന്നുള്ളതിന് എന്താണ് ഉറപ്പ്. അതുമല്ല അങ്ങുതന്നെ ഇന്നലെ പറയുന്നതു കേട്ടു 24-ാം തീയതി കഴിഞ്ഞാൽ മറ്റു കാര്യങ്ങളുണ്ടെന്ന്. അപ്പോഴും ഈ ബില്ല് പാസ്സാക്കണ്ടെന്നാണ് ഈ സഭ തീരുമാനിക്കുന്നതെങ്കിൽ ഇതു പാസ്സാക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

(പലരും പ്രസംഗത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

15-ഓ 20-ഓ 35-ഓ മിനിട്ട് ആയാലും ഈ സഭ നിറുത്തിവയ്ക്കാതെ അതിനെപ്പറ്റി ആലോചിക്കാമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയല്ലാതെ സഭ നിറുത്തിവയ്ക്കുകയാണെങ്കിൽ അതിന്റെ ഫലം ഈ ബില്ലിനെ തടസ്സപ്പെടുത്തുന്നതായിരിക്കും.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ബില്ലിനെപ്പറ്റി എനിക്ക് ഒരു വാക്കു പറയാനുണ്ട്. സഭാനടപടികളും നിറുത്തിവയ്ക്കാതെ ഉടനെതന്നെ ബില്ലു പാസ്സാക്കണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് ഒരു കുറുക്കുവഴി ഞാൻ പറഞ്ഞുതരാം. നമ്മുടെ തൊഴിൽകാര്യ മന്ത്രിയുണ്ടല്ലോ അദ്ദേഹം അപ്പോളജൈസ് ചെയ്താൽ മതി.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഒരു ബഹുമാനപ്പെട്ട മന്ത്രി സഭാനേതാവിനോടു പറയുകയാണ്, മറെറാരു മന്ത്രിയോടു മാപ്പു പറയാൻ പറയണമെന്ന്. ഇത് എത്രമാത്രം ഔചിത്യമില്ലാത്ത അഭിപ്രായമാണ്, ഇത് ആർഡറിലാണോ ?

ഡെ. സ്പീക്കർ: ഇതുപോലെ ഔചിത്യമില്ലാതെ പല കാര്യങ്ങളും ഇവിടെ പറഞ്ഞിരിക്കുന്നു. മന്ത്രിമാർ തമ്മിലുള്ള അഭിപ്രായവ്യത്യാസമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്.

സഭാനേതാക്കൻമാരിൽ ഭൂരിപക്ഷം പേരുടേയും അഭിപ്രായം സഭാനടപടികളും നിറുത്തിവച്ച് പാർട്ടിനേതാക്കൻമാരുമായി ആലോചിക്കണ

LIBRARY ARCHIVES Kerala Legislative Assembly

[ഡെ. സ്പീക്കർ]

മെന്നാണ്. അതുകൊണ്ട് സഭ ഇപ്പോഴും പിരിയുന്നതും 10·5-ന് വീണ്ടും കൂടുന്നതുമാണ്.

(9·50-ന് സഭ പിരിഞ്ഞ് 10·05-ന് വീണ്ടും കൂടി.)

[10·5 a.m.]

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട പാർട്ടി നേതാക്കൻമാരുടെ യോഗം സ്പീക്കറുടെ മുറിയിൽ വിളിച്ചുകൂട്ടിയതിൽ മാർക്സിസ്റ്റു പാർട്ടിയിൽനിന്നും ആരും പങ്കെടുത്തില്ല. പങ്കെടുത്തവർ ബഹുമാനപ്പെട്ട മന്ത്രി മാപ്പു പറയണമെന്നില്ല, ഖേദം പ്രകടിപ്പിച്ചാൽ മതി എന്നുള്ള നിഗമനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. അതനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രവർത്തിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതുപോലെതന്നെ സഭാനേതാവും ഇക്കാര്യത്തിൽ അഭിപ്രായം പറഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി: സർ, എനിക്ക് ഇതേപ്പറ്റി ആലോചിച്ചിട്ടേ പറയാൻ സാധിക്കുകയുള്ളു.

Shri E. Ahamed: Sir, I have given notice for a resolution under Rule 128, and that may be allowed.

Mr. Deputy Speaker: I will take it up tomorrow.

Shri E. Ahamed: I request the Hon. Speaker to give permission to move the resolution in view of the feelings expressed in the House. That is my humble submission.

ഡെപ്യൂട്ടി സ്പീക്കർ: അതു ഞാൻ നോക്കിയിട്ടു വേണ്ടതു ചെയ്യാം. ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ പാർട്ടി നേതാക്കൻമാരുടെ അഭിപ്രായത്തോടു യോജിക്കുകയാണെങ്കിൽ.....

ശ്രീ. മത്തായി മാഞ്ഞൂരാൻ: സർ, ഇപ്പോഴും വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുത്ത പാർട്ടി നേതാക്കൻമാർ എന്റെ എതിരാളികളായതുകൊണ്ട് ഞാൻ അതിനു വഴങ്ങുകയില്ല.

ഡെപ്യൂട്ടി സ്പീക്കർ: ഇനി ഇത്തിനെക്കുറിച്ച് എന്താണു ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി ഞാൻ ആലോചിക്കുന്നതാണ്. ഇന്നു വൈകുന്നേരം കൂടുന്ന ബിസിനസ് അഡ്വൈസറി കമ്മറ്റിയിൽവച്ച് ഇത് ആലോചിക്കാം. അടുത്തതായി ലെജിസ്ലേറ്റീവ് ബിസിനസ് മുന്നോട്ടു കൊണ്ടുപോകാൻ എല്ലാവരും സഹായിക്കണമെന്നു ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, കാർഷിക ബന്ധ ബിൽ പാസ്സാക്കിയെടുക്കണമെന്ന് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും നിർബന്ധമുണ്ട്. അതുകൊണ്ടാണ് അങ്ങു വിളിച്ചുകൂട്ടിയ യോഗത്തിൽ ഞങ്ങളെല്ലാവരും പങ്കെടുത്തത്. എന്നാൽ കാർഷിക ബന്ധ ബിൽ പാസാക്കണമെന്നുള്ളതിൽ ആത്മാർത്ഥതയുടെ കണികയെങ്കിലും ഉണ്ടായിരുന്നെങ്കിൽ മാർക്സിസ്റ്റു പാർട്ടി ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുമായിരുന്നു. നേരേമറിച്ച് അങ്ങ് വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുത്ത് അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സാമാന്യമര്യാദപോലും കാണിക്കാതെ ഈ സഭയെ അവഹേളിച്ചുകൊണ്ട് ബിൽ പാസാക്കുന്നതിനു വേണ്ടി മാർക്സിസ്റ്റു പാർട്ടിയും പിണിയാളുകളും ശ്രമിക്കുകയാണ്. സർ, ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ പറയുന്നത് യോഗത്തിൽ പങ്കെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തിരുന്നവരെല്ലാം അദ്ദേഹത്തിന്റെ ശത്രുക്കളായതുകൊണ്ട് അവർ എടുത്ത തീരുമാനം അദ്ദേഹത്തിനു സ്വീകാര്യമല്ലെന്നാണ്. സർ, അദ്ദേഹത്തിന്റെ അഭിപ്രായം തെറ്റാണ്. ഈ സാഹചര്യത്തിൽ സഭാനടപടികളിൽ സഹകരിക്കുക എന്നുവച്ചാൽ ഈ സഭയോടും ജനാധിപത്യത്തോടുംചെയ്യുന്ന തെറ്റായിരിക്കും. ഈ ബിൽ ഏറ്റവും വേഗം പാസ്സാക്കിയെടുക്കണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ടെങ്കിലും ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ മാപ്പു പറയുക എന്നുള്ള നിലപാടു സ്വീകരിക്കാൻ വിസമ്മതിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(Shri K. Karunakaran, followed by the members of his party then left the chamber)

ശ്രീമതി കെ. ആർ. ഗൗരി: സർ, നിയമസഭയിലെ കാര്യങ്ങൾ തീരുമാനിക്കുന്നത് അങ്ങാണ്. ഏതെങ്കിലും അഭിപ്രായവ്യത്യാസമുള്ള ഒരു സംഗതി വന്നാൽ അക്കാര്യത്തെപ്പറ്റി ആലോചിക്കാതെ മറുപടി പറയാൻ പറ്റുകയില്ല. ഏതായാലും സഭാനേതാവായി ബഹുമാനപ്പെട്ട കരുണാകരനെ ഞങ്ങൾ അംഗീകരിച്ചിട്ടില്ല. സഭാനേതാവെന്നുള്ള നിലയിൽ ഞാൻ അങ്ങയോടു പറഞ്ഞു എനിക്കും എന്റെ പാർട്ടിക്കുമുള്ള അഭിപ്രായം ആലോചിച്ചേ പറയാൻ സാധിക്കൂ എന്ന്. മാർക്സിസ്റ്റു പാർട്ടി ഭൂനയബില്ലിനെതിരാണെന്നു പറയുകയുണ്ടായി. ഞങ്ങൾക്ക് ശ്രീമാൻ കരുണാകരന്റെ വക്കാലത്തൊന്നും ആവശ്യമില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. ജെ. എ. ചാക്കോ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

ശ്രീമതി കെ. ആർ. ഗൗരി: ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. സ്പീക്കർ അനുവദിച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്.

ശ്രീ. കെ. എം. മാണി: അനാവശ്യം പറയരുത്.

ശ്രീ. ജെ. എ. ചാക്കോ: സർ, സഭാനേതാവ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ഒക്കുകയില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

ഡെപ്യൂട്ടി സ്പീക്കർ: സഭാനേതാവിന്റെ അഭിപ്രായം കേൾക്കട്ടെ.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, സഭാനേതാവ് ശ്രീമതി ഗൗരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: കേരള കോൺഗ്രസല്ല എന്നെ തിരഞ്ഞെടുത്തത്.

ശ്രീ. കെ. എം. ജോർജ്ജ്: സഭാനേതാവ് സ്വപ്നം കാണുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ വളരെ വ്യക്തമായി പറയുന്നു, കേരള കോൺഗ്രസിന്റെയും കോൺഗ്രസിന്റെയും പിന്തുണയോടുകൂടിയല്ല ഞാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്ന്. ഐക്യമുന്നണിയുടെ നേതാവെന്നുള്ള നിലയിലാണ് ഞാൻ ഇവിടെ ഇരിക്കുന്നത്.

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, ശ്രീമതി ഗൗരിക്ക് സംസാരിക്കാൻ അവകാശമില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അവകാശം പിന്നീടു നമുക്കു തീരുമാനിക്കാം. നിങ്ങളുംകൂടിയുള്ള ഐക്യമുന്നണിയിൽ ഞങ്ങളില്ല. ഞങ്ങൾ വേറേ പാർട്ടികളുടേതായിട്ടാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. സംസാരിക്കാൻ അവകാശമില്ലെന്നു തീരുമാനിക്കുന്നതാരാണ് ? പ്രതിപക്ഷമാണോ തീരുമാനിക്കുന്നത് ?

ശ്രീ. ഇ. ജോൺ ജേക്കബ്: പിന്നെ നിങ്ങളാണോ തീരുമാനിക്കുന്നത്?

ശ്രീ. കെ. എം. മാണി: നിങ്ങൾ അന്തസ്സായി സംസാരിക്കണം.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്. അന്തസ്സുണ്ടോ എന്നുള്ളത്.....

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട സഭാനേതാവു സംസാരിച്ചാൽത്തന്നെയും പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ സാധിക്കുകയില്ലെന്നുണ്ടോ ? അതാണോ നിയമം ? അതാണോ കീഴ്വഴക്കം ? നിയമത്തിനെതിരായി ശ്രീമതി ഗൗരി എന്തിനാണ് സംസാരിക്കുന്നത് ? അതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: ബഹുമാനപ്പെട്ട സ്പീക്കറാണ് പോയിൻറ് ഓഫ് ഓർഡർ അനുവദിക്കേണ്ടത്.

Shri K. M. George: Sir, Shri John Jacob may be allowed to raise the point of order.

ഡെപ്യൂട്ടി സ്പീക്കർ: സഭാനേതാവ് സംസാരിച്ചിട്ട് പോയിൻറ് ഓഫ് ഓർഡർ അനുവദിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: സർ, കുതിര പോയിട്ട് കൂടെ അടച്ചിട്ടു കാര്യമില്ല. സഭാനേതാവാണു സംസാരിക്കുന്നതെങ്കിൽത്തന്നെയും അതിൽ എന്തെങ്കിലും ഓർഡറിലല്ലാത്ത കാര്യങ്ങളുണ്ടെങ്കിൽ അതു തിരുത്താനാണ് പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്.

ശ്രീ. കെ. എം. മാണി: സഭാനേതാവ് മത്തായി ആകരുത്.

ശ്രീമതി കെ. ആർ. ഗൗരി: കാർഷിക പരിഷ്കരണ നിയമം തടസ്സപ്പെടുത്തുന്നതിനുവേണ്ടി മാർക്സിസ്റ്റുകാരും പിണിയാളുകളും മത്തായി മാഞ്ഞൂരാനു കൂട്ടുനിൽക്കുന്നു എന്ന് ശ്രീ. കരുണാകരൻ പറഞ്ഞത് അദ്ദേഹത്തിന്റെ അനുഭവമാണ്. ഞങ്ങളാരും പിണിയാളുകളെ ഉണ്ടാക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മത്തായി മാഞ്ഞൂരാൻ, ഇപ്പോഴും അങ്ങ് ബഹുമാനപ്പെട്ട പാർട്ടി നേതാക്കൻമാരെ വിളിച്ചുകൂട്ടി എടുത്ത തീരുമാനം കൂട്ടാക്കാതെ കാറിൽ പറത്തുകയാണ് ചെയ്തിരിക്കുന്നത്. അതിൽ എനിക്കു അത്ഭുതമില്ല. എന്നാൽ സഭയുടെ മുമ്പിൽ എനിക്കു വയ്ക്കുവാനുള്ളത് മറെറാരു സംഗതിയാണ്. ശ്രീ. മത്തായി മാഞ്ഞൂരാൻ ഒരു പ്രസ്താവന ഇന്നത്തെ ഇൻഡ്യൻ എക്സ്പ്രസിൽ കൊടുത്തിട്ടുണ്ട്. അഞ്ചാമത്തെ പേജിൽ ആണ് ആ പ്രസ്താവന. ആ പ്രസ്താവനയിൽ രണ്ടിടത്ത് വളരെ വ്യക്തമായി അങ്ങയുടെ ചേമ്പറിൽ വച്ച് നടന്നതായ സംഭവങ്ങൾ വളച്ചൊടിച്ച് പറഞ്ഞിട്ടുണ്ട്. ആ പ്രസ്താവന ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

'Manjooran explains': Labour Minister Mathai Manjooran later told the Indian Express that he did warn Mr. George "You sit down or your life is at stake" only when Mr. George had stood up and raised his hands against him.

ഞാൻ എഴുന്നേറ്റു നിന്ന് എന്റെ കൈകൊ മത്തായി മാഞ്ഞൂരാന് എതിരായി ഉയർത്തി എന്തോ ചെയ്യുന്നതിനായിട്ട് ഭാവിച്ചപ്പോഴാണ് "അവിടെയിരിക്കു, നിങ്ങളുടെ ജീവൻ അപകടത്തിലാണ്" എന്നു പറയുവാൻ ഇട വന്നതെന്ന് ഇൻഡ്യൻ എക്സ്പ്രസ് ലേഖകനെ തെറ്റിദ്ധരിപ്പിച്ചതിന്റെ ഫലമായിട്ടാണ് ഈ പ്രസ്താവന വന്നത്. അങ്ങനെയാതൊരു സംഭവവും നടന്നിട്ടില്ലെന്നുള്ളതിന് അങ്ങുകൂടി ദൃക്സാക്ഷിയാണ്. ഞാൻ എന്റെ കസേരയിൽനിന്ന് എഴുന്നേൽക്കുകയോ ഒരക്ഷരം ഉരിയാടുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തെ കൊല്ലാനായിട്ട് എഴുന്നേറ്റു ചെന്നപ്പോഴാണ് നിന്നെ ഞാൻ കൊന്നുകളയുമെന്നുള്ള അസത്യപ്രസ്താവന ചെയ്യാൻ ലജ്ജയില്ലാത്ത മന്ത്രിക്ക്, അദ്ദേഹത്തെ ഈ സ്ഥാനത്തു കൊണ്ടുവന്ന പാർട്ടി നേതാക്കൻമാരെ—വലതു കമ്മ്യൂണിസ്റ്റു പാർട്ടി, മുസ്ലീം ലീഗ്, ഐ.എസ്.പി., ആർ.എസ്.പി.—ഇപ്പോഴും അദ്ദേഹത്തെ ചുമന്നുകൊണ്ടു നടക്കുന്ന ഗതികേടുവന്ന മാർക്സിസ്റ്റു പാർട്ടിയൊഴികെ, ബാക്കിയുള്ളവരെ ശത്രുക്കളായി കാണുകയെന്നുള്ളത് യോജിച്ചതാണ്. ഈ സംഭവത്തെ സംബന്ധിച്ചിടത്തോളം ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട പാർട്ടി നേതാക്കൻമാർ എടുത്ത തീരുമാനം അംഗീകരിക്കാതെ അവരെ ശത്രുക്കളായി മുദ്ര കുത്തി, കാട്ടിലെ 'ഒറ്റയാനെ'പ്പോലെ എന്തും ചെയ്യാം, എന്തും പ്രവർത്തിക്കാം, എന്തും പറയാം എന്നെ ഒന്നും ബാധിക്കുന്നതല്ല എന്ന നിലപാട് ഒരു ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്നത് ഖേദകരമാണ്.

ശ്രീ. കെ. കരുണാകരൻ: ഭൂനയബില്ലിനെ എതിർക്കുന്നതുകൊണ്ടല്ല സർ, ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുവാൻ നാണം തോന്നുന്നു. ഈ ബില്ലിൽ എന്തു വകുപ്പായാലും ശരി എങ്ങനെയെങ്കിലും ഒന്നു പാസ്സാക്കിയെടുത്താൽ മതിയെന്നതാണ് നിങ്ങളുടെ ഉദ്ദേശമെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടാണ് ശ്രീ. ചന്ദ്രശേഖരൻ നായർ കൊണ്ടുവരുന്ന ഭേദഗതികൾ അങ്ങനെ വേണോ, ഇങ്ങനെ വേണോ, എന്തു വേണമെങ്കിലും കൊണ്ടുവന്നോളൂ. അതൊന്നും പ്രസ് ചെയ്യരുത്. ഇതൊന്നു പാസാക്കിയേച്ചാൽ മതി, അപ്പോൾ എങ്ങനെയെങ്കിലും ഈ ബില്ലൊന്ന് പാസ്സാക്കി ഇതിന്റെ പിതൃത്വമോ, മാതൃത്വമോ ഏറ്റെടുക്കാമെന്ന് തമ്പോറടിക്കാമെന്നല്ലാതെ ഈ ബില്ല് പാസ്സാകുന്നതുകൊണ്ട് കർഷകനോ കുടിയാനോ കുടികിടപ്പുകാരനോ മണ്ണിൽ അധ്വാനിക്കുന്നവനോ യാതൊരു ഗുണവും കൈവരുത്തുന്നില്ല. ഇതിന്റെ പേരിൽ വോട്ടു പിടിക്കാനുള്ള പരിപാടിയാണ്. ഭൂനയബില്ല് പാസ്സാക്കുവാൻ ഞങ്ങൾ സഹകരിക്കും. ഇതുപോലെ ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്ന തന്ത്രങ്ങൾക്ക് കൂട്ടുനിൽക്കുവാൻ കരുണാകരനെ കിട്ടുകയില്ല, അന്തസ്സുള്ളവരെ കിട്ടുകയില്ല, ആത്മാർത്ഥതയുള്ളവരെ കിട്ടുകയില്ല, രാജ്യസ്നേഹമുള്ളവരെ കിട്ടുകയില്ല. ഗൗരിയമ്മ ഈയിടെയായിട്ട് ചുമ്മാ നേതൃത്വം ചുമയുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ,.....

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീ. രാമകൃഷ്ണനു പറയുവാനുള്ളത് പറയണം. നിങ്ങൾ പറയുന്നത് ഞങ്ങൾ കേൾക്കും, ഞങ്ങൾ പറയുന്നത് നിങ്ങൾ കേൾക്കുകതന്നെ വേണം. ഞങ്ങളുടെ ആവനാഴിയിലുള്ള സകല അമ്പുകളും പ്രയോഗിച്ചുകഴിഞ്ഞു അവസാനത്തെ അമ്പും പ്രയോഗിക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

വാൻ പോകുകയാണ്. ഞങ്ങൾ ബോയ്ക്കോട്ട് ചെയ്യുവാൻ പോകുകയാണ്. ഇത്രയുംനാൾ ഉണ്ടാകാത്ത രീതിയിൽ ഇത്രയും വേദനനിറഞ്ഞ ദുഃഖകരമായ സംഭവങ്ങൾ ഉണ്ടായതിൽ പ്രതിഷേധിച്ച്, ഉത്തമ മനഃസാക്ഷിയോടെ ഈ സഭാനടപടികളിൽ പങ്കുകൊള്ളുവാൻ സാധിക്കാത്ത സാഹചര്യത്തിൽ എന്റെ പാർട്ടി ഈ സഭ ബോയ്ക്കോട്ട് ചെയ്യുന്നു.

(Shri K. M. George followed by the members of his party then left the chamber.)

ശ്രീ. മത്തായി മാഞ്ഞൂരാൻ: ഇൻഡ്യൻ എക്സ്പ്രസിൽ പറഞ്ഞിരിക്കുന്നത് സത്യമാണ്. ഇവിടെ പറഞ്ഞുകേട്ടത് അവാസ്തവമായ സംഗതിയാണ്. അങ്ങനെ ഭയപ്പെടുത്തിയിട്ടുള്ളതാണെന്നും ഞാൻ പ്രസ്താവിക്കുന്നു. എന്നെ പ്രകോപിതനാക്കിയപ്പോൾ.....

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇയാൾക്കു പ്രകോപനമുണ്ടായാൽ ബാക്കിയുള്ളവർ ഇരുന്നുകൊടുക്കണമെന്നുണ്ടോ?

പൊതുമരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): ബഹുമാനപ്പെട്ട അങ്ങയുടെ റൂളിംഗ് അനുസരിച്ച് ഇവിടെ നടക്കുന്ന കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ അങ്ങയുടെ ചേമ്പറിൽ ഞങ്ങൾ സംബന്ധിച്ചിരുന്നു. ഈ സംഭവത്തെപ്പറ്റിയുള്ള എന്റെ കക്ഷിയുടെ അഭിപ്രായം ഞാൻ അവിടെ പറയുകയും ചെയ്തു. ആ അഭിപ്രായം, ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി അവിടെ ശത്രുക്കൾ കൂടിയിരുന്നു എടുത്ത തീരുമാനമാണെന്നു പ്രഖ്യാപിച്ചിരിക്കുന്ന നിലയ്ക്കു എന്റെ കക്ഷിയുടെ ഈ കാര്യത്തിലുള്ള സമീപനം വിശദീകരിക്കേണ്ടത് ആവശ്യമായ്രത്ര. അദ്ദേഹത്തിനോട് രാഷ്ട്രീയമായി യാതൊരു എതിർപ്പും എന്റെ കക്ഷിക്ക് ഇല്ല. ഈ അവസരത്തിൽ 'ദൂഷിതമായ ന്യായാസനം' എന്ന പേരിൽ മഹാകവി കുമാരനാശാൻ എഴുതിയ ഒരു കവിതയിലെ ആശയമാണ് എന്നെയും എന്റെ കക്ഷിയേയും ഈ നിഗമനത്തിലെത്താൻ പ്രേരിപ്പിച്ചത്.

'ആഹാ നിർമ്മല നീതിപീഠവരമെ നിൻമേൽ ദുരാത്മാവൊരാൾ
സാഹങ്കാരമിരിപ്പതെങ്ങനെ സഹിച്ചീടേണ്ടു കണ്ടീ ജനം
ഊഹിച്ചാലിനിയജപീഠമതിലോരാം ഹീനനാം ശൗനികൻ
മോഹിക്കാം പതിദേവതൻ വിമലമാം പൂമെത്ത ധൂർത്തൻ വിടൻ'

ദൂഷിതമായ ന്യായാസനത്തെപ്പറ്റി മഹാകവി കുമാരനാശാൻ പറഞ്ഞ ഈ വാക്കുകളാണ് ബഹുമാനപ്പെട്ട മന്ത്രി ഖേദപ്രകടനമെങ്കിലും നടത്തേണ്ട യാവശ്യമുണ്ടെന്നു നിഗമനത്തിൽ എത്തുന്നതിനു എന്നെയും എന്റെ കക്ഷിയെയും പ്രേരിപ്പിച്ചിട്ടുള്ളത്; അല്ലാതെ അദ്ദേഹത്തോട് ഞങ്ങൾക്ക് മറ്റു രീതിയിൽ യാതൊരുവിധമായ എതിരും ഇല്ല. ഒരു മന്ത്രി നിയമസഭയോടും സാമാജികൻമാരോടും പ്രതിപക്ഷ നേതാക്കൻമാരോടും കാണിക്കേണ്ട ചില സാമാന്യമര്യാദകൾ ലംഘിച്ച് മന്ത്രിക്കസേരയെ ദൂഷിതമായ ഒരു ആസനമാക്കി മാറിയ അവസരത്തിൽ മഹാകവിയുടെ ഈ വരികളിലെ ആശയം ഇങ്ങനെയൊരു നിലപാടു സ്വീകരിക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ചതാണെന്നുള്ള വിവരം അങ്ങയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും അറിവിനായി പ്രസ്താവിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Mahabala Bhandari: Sir, we also consider that the insult done to the Hon. Member Mr. George is not in conformity with the decency and decorum of this House. Ministers are not expected to behave in such a way, and the Labour Minister is not prepared to apologise for what he has done. So we also register our protest boycotting the meeting.

(Mr. Bhandari then went out of the House).

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ സംഭവത്തെ സംബന്ധിച്ച് ഇത്രയൊക്കെ പരമാർശങ്ങൾ ഇവിടെ നടക്കേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ച് എന്റെ കക്ഷിക്ക് സംശയമുണ്ട്. ഈ സഭാ നടപടി തുടർന്നു നടക്കുന്നതിന് വിരോധമില്ലെന്ന് സ്പീക്കർ വളരെ കർശനമായിട്ട് റൂളിംഗ് നൽകിയിട്ടും അത്തരത്തിലുള്ള സാഹചര്യങ്ങളല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നുള്ളതിൽ തീർച്ചയായും വളരെയധികം വ്യസനവും ഖേദവും പ്രകടിപ്പിക്കുകയല്ലാതെ യാതൊരു മാർഗ്ഗവും ഇല്ല. ഇതിനുമുമ്പ് എത്രയോ പ്രക്ഷോഭകരമായ രംഗങ്ങൾ ഈ സഭയിൽ ഉണ്ടായിട്ടുണ്ട്, എത്രയോ അഴിമതികൾ മന്ത്രിമാരുടെ പേരിൽ കൊണ്ടുവന്നിട്ടുണ്ട്, അന്നൊക്കെ ആർക്കും ഒരു ആക്ഷേപവും ഇല്ലായിരുന്നു. നിയമസഭ നിർത്തിവയ്ക്കണമെന്ന് ആരും ആവശ്യപ്പെട്ടില്ല. അതേയവസരത്തിൽ ഒരു മന്ത്രി ഒരു കാര്യം പറഞ്ഞുവെന്നുള്ളതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കാത്തതുകൊണ്ട് സഭാനടപടികൾ നിർത്തിവെയ്പ്പിച്ച സാഹചര്യത്തെക്കുറിച്ച് വളരെയധികം ഖേദം ഉണ്ട്. അങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായതുകൊണ്ട് അടിയന്തിരമായും ഈ മന്ത്രി സഭ രാജിവെയ്ക്കുകയോ ആവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. നാണംകെട്ട അഭിപ്രായ പ്രകടനങ്ങൾ ഉത്തരവാദിത്വമില്ലാത്ത പ്രവൃത്തികൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും എങ്ങനെയാണ് ശരിവയ്ക്കുക. ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ സഹായകമായ നിലപാട് എടുക്കണം. ഇന്ന് അദ്ദേഹം എടുത്ത നിലപാടിനെ സംബന്ധിച്ചിടത്തോളം ആക്ഷേപമില്ല, തീർച്ചയായും ഐക്യമുന്നണി നിലനിൽക്കണം എന്ന ആഗ്രഹമാണ് ഉള്ളത്, അതിനുപറ്റിയ സമീപനം ഉണ്ടായിരിക്കണം. ഈ മന്ത്രിസഭ ഈ നിലയ്ക്ക് തുടരുന്നതു ശരിയല്ല.

Mr. Deputy Speaker: Now we will pass on to Legislative Business.

V. LEGISLATIVE BUSINESS

THE KERALA LAND REFORMS AMENDMENT BILL, 1968

Clause 2

Smt. K. R. Gouri: Sir, I move the following oral amendment:—

In clause 2, for sub clause (4), the following sub clause shall be substituted:—

"(4) in clause (52), for the words "twenty-four acres" and "Four standard acres", the words "ten acres" and "two and a half standard acres" shall respectively be substituted.

The amendment was put and carried",

LIBRARY ARCHIVES Kerala Legislative Assembly